(ബി) ചന്ദനമരങ്ങളുടെ സംരക്ഷണത്തിനായി ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് വാഹനം, വാർത്താവിനിമയ സൗകര്യങ്ങൾ, ആയുധം എന്നിവ നൽകി നിരന്തരമായി ഫീൽഡ് പട്രോളിംഗ് നടത്തിവരുന്നു. മറയൂരിൽ പോലീസ് സേനാംഗങ്ങൾ ഉൾപ്പെട്ട റാപ്പിഡ് ആക്ഷൻ ഫോഴ്സ് സുസജ്ജമായി പ്രവർത്തിക്കുന്നു. കൂടാതെ ചന്ദനമരങ്ങളുടെ സംരക്ഷണത്തെപ്പറ്റി സ്ഥലവാസികളിൽ കൂടുതൽ അവബോധം ഉണ്ടാക്കി അവരുടെ പങ്കാളിത്തവും ഉറപ്പുവരുത്തിയിട്ടുണ്ട്.

ചന്ദനമരങ്ങൾ പ്രകൃത്യാ വളർന്നു വരുന്ന സ്ഥലങ്ങൾ വർക്കിംഗ് പ്ലാനുകളിൽ രേഖപ്പെടുത്തി ആവശ്യമായ കൾച്ചറൽ ഓപ്പറേഷൻസ് നിർദ്ദേശിക്കുകയും, അവ നടപ്പിലാക്കുകയും ചെയ്യുന്നു.

(സി) മറയൂർ മേഖലയിൽ ചന്ദനമരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിരുന്നു. ഇതിൽ കുറവ് വന്നിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ വളരുന്ന മരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) ഇപ്പോൾത്തന്നെ ചന്ദനമരങ്ങളെ ശാസ്ത്രീയമായി പരിരക്ഷിക്കുന്നുണ്ട്. വിദഗ്ദ്ധ സർവേ നടത്തി മരങ്ങളുടെ സ്ഥാനം നിർണ്ണയിക്കേണ്ട ആവശ്യമുള്ളതായി കരുതുന്നില്ല.

ജൈവകൃഷി വ്യാപകമാക്കാൻ നടപടി

16 (*371) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവകൃഷിരീതി പഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനും വ്യാപകമാക്കാനുമായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് കേന്ദ്രം അനുവദിക്കണമെന്ന സംസ്ഥാനസർക്കാരിന്റെ ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമായി പ്രഖ്യാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തൊണെന്ന് പറയാമോ ;

(ഇ) സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ജൈവകാർഷികോല്പന്നങ്ങൾ മാത്രമേ കയറ്റുമതി ചെയ്യാവൂ എന്ന ഡബ്ല്യു. ടി. ഒ. തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഡബ്ല്യു. ടി. ഒ.-യുടെ ഈ തീരുമാനം സംസ്ഥാനത്തെ സുഗന്ധ വ്യജ്ഞനങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുമെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാർഗ്ഗരേഖകൾക്കനുസൃതമായി ഒരു ഡ്രാഫ്റ്റ് സാങ്ഷൻ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിയിൽ ജൈവകൃഷി പഠിപ്പിക്കൽ, പരിശീലിപ്പിക്കൽ, വ്യാപിപ്പിക്കൽ, സാക്ഷ്യപത്രം നൽകൽ, വിപണനം, അടിസ്ഥാനസൗകര്യം വികസിപ്പിക്കൽ എന്നിവ ഉൾപ്പെടുത്തുന്നതായിരിക്കും.

(ബി) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് കേരളത്തിൽ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് എഴുതിയിട്ടുണ്ട്.

(സി) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്ന അവസരത്തിൽ സംസ്ഥാനത്തിന്റെ ആവശ്യം നിശ്ചയമായും കണക്കിലെടുക്കുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി&ഇ) സംസ്ഥാനസർക്കാർ അങ്ങനെ ആവശ്യപ്പെട്ടിട്ടില്ല.

(എഫ്) ഡബ്ല്യു.ടി.ഒ. യുടെ തീരുമാനം വാർത്താമാദ്ധ്യമങ്ങൾ മുഖേന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) മാദ്ധ്യമങ്ങളിൽനിന്നും അറിവായ വിവരങ്ങളനുസരിച്ച് കാര്യങ്ങൾ നടക്കുകയാണെങ്കിൽ സംസ്ഥാനത്തെ സുഗന്ധവ്യജ്ഞനങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്.

(എച്ച്) മുകളിൽപ്പറഞ്ഞ ആക്ഷൻ പ്ലാനിന് അന്തിമരൂപം നൽകി നടപ്പാക്കുമ്പോൾ ഇതിന് കുറേ പരിഹാരമാകും.

അന്ത്യോദയ പദ്ധതി

17 (*372) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സാജു പോൾ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്ത്യോദയ പദ്ധതി പ്രകാരം കുറഞ്ഞ വിലയ്ക്ക് അരി ലഭ്യമാക്കുവാൻ അർഹതയുള്ള കുടുംബങ്ങൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly